# ജി. എച്ച്.സ് കുറ്റ്യേരി
# ഡിജിറ്റൽ മാഗസീൻ

# 2023-24



## വലിയ സ്വപ്നങ്ങളിലേക്ക്

2023-24

# ജി.എച്ച്.എസ് കുറ്റ്യേരി

## വലിയ സ്വപ്നങ്ങളിലേക്ക്...

തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ലയിലെ തളിപ്പറമ്പ് നോർത്ത് ഉപജില്ലയിൽ പെടുന്നതും പരിയാരം ഗ്രാമ പഞ്ചായത്തിൽ




സ്ഥിതി ചെയ്യുന്നതുമായ സർക്കാർ വിദ്യാലയമാണ് കുറ്റിയേരി ഗവണ്മെന്റ് ഹൈസ്കൂൾ

1954 ഏകാധ്യാപക വിദ്യാലയമായി മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലാണ് സ്കൂൾ ആരംഭിച്ചത് . ആദ്യം ഒരു പീടിക മുറിയിലും പിന്നീട് ശ്രീ പുഴക്കര കണ്ണൻനായർ ,മായൻ അബ്ദുള്ള ഹാജി എന്നിവരുടെ കെട്ടിടത്തിലുമാണ് സ്കൂൾ പ്രവർത്തിച്ചത് . തുടർന്ന് വിദ്യാലയം ബഹു അധ്യാപക വിദ്യാലയമായി മാറുകയും എൽ പി സ്കൂൾ ആയി ഉയർത്തപെടുകയും ചെയ്തു.

1990ൽ നമ്മുടെ വിദ്യാലയം യു പി സ്കൂളായി ഉയർത്തപ്പെട്ടു. സ്ത്രീ ത്രിതല പഞ്ചായത്തുകളുടെയും കേന്ദ്ര-സംസ്ഥാന ഗവൺമെൻ്റുകളുടെയും എസ് എസ് എയുടെയും സാമ്പത്തിക സഹായകവും മേൽനോട്ടവും എല്ലാ രംഗത്തും അദ്ഭുതപൂർവ്വമായ നേട്ടം കൈവരിക്കാനിടയായി. പാഠ്യേതര പ്രവർത്തനങ്ങളിൽ വിദ്യാർഥികൾ നിരവധി നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി.എൽ എസ് എസ് യു എസ് എസ് പ്രവൃത്തി പരിചയമേളകളിൽ വിജ്ഞാനോത്സവം എന്നിവയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തവും മികവും പ്രശംസനീയമായിരുന്നു

2014 എം എസ് എ പദ്ധതി പ്രകാരം വിദ്യാലയം ഹൈസ്കൂളായി ഉയർത്തപ്പെട്ടു 2015 16 ആദ്യത്തെ എസ് സി ബാഡ്ജ് പുറത്തിറങ്ങിയത് 100% വിജയത്തോടെ ആയിരുന്നു .തുടർന്ന് ഇതുവരെ എല്ലാവർഷവും 100% വിജയം തോടൊപ്പം ഉയർന്ന ഗ്രേഡ് കരസ്ഥമാക്കി കൊണ്ടാണ് പത്താംതരം കുട്ടികൾ സ്കൂളിന്റെ പടി ഇറങ്ങിയിട്ടുള്ളത് .ഈ വിദ്യാലയത്തിൽ നിന്ന് പഠിച്ചിറങ്ങിയ നിരവധി പേർ വിവിധ മേഖലകളിൽ പ്രഗൽഭരായ തിളങ്ങി നിൽക്കുന്നുണ്ട് .അദ്ധ്യാപകർ ,ഡോക്ടർമാർ ,എൻജിനീയർമാർ ,പ്രതിരോധ സേനാംഗങ്ങൾ ,സാഹിത്യകാരന്മാർ ,ചിത്രകാരൻമാർ ,മറ്റു സർക്കാർ ജീവനക്കാർ എന്നിങ്ങനെ നിരവധി പൂർവ്വ വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിന് അഭിമാനം ഉയർത്തിപ്പിടിച്ച് മുന്നേറുന്നുണ്ട്.അടുത്തകാലത്ത് ശ്രീ ഉണ്ണി കോവിഡ രാജ് സിനിമാ സംവിധാനത്തിലേക്ക് കടന്നുവന്നിട്ടുണ്ട് .ഇപ്പോൾ 480 കുട്ടികളും 30 ജീവനക്കാരുമാണ് ഇവിടെയുള്ളത് .ഭൗതിക സാഹചര്യങ്ങളിൽ ചില അപര്യാപ്തതകൾ നേരിടുന്നുണ്ടെങ്കിലും അതിനൊക്കെ മറികടന്നുകൊണ്ട് കൃത്യമായ ആസൂത്രണത്തോടെ എല്ലാ രംഗത്തും മികവിൽ നിന്ന് മികവിലേക്ക് കുതിക്കാനുള്ള വിവിധ പ്രവർത്തനങ്ങളുമായി ഈ വിദ്യാലയ മുന്നേറുകയാണ്

വിദ്യാഭ്യാസ ഉപജില്ല

തളിപ്പറമ്പ വടക്ക്

ഹെഡ്മിസ്ട്രസ്

പങ്കജാക്ഷി.വി.വി

പിടി എ പ്രസിഡൻ്റ

ശിവദാസൻ

# ലഹരി



ജനാലകൾക്കിടയിലൂടെ വന്നിരുന്ന സൂര്യവെളിച്ചം മുഖത്തേക്കതട്ടിക്കൊണ്ടാണ് അപ്പു ഉണർന്നത്. രാവിലെ എഴുന്നേൽക്കുമ്പോൾ മുതലെ അപ്പുവിന് വല്ലാത്ത ക്ഷീണം. എന്താ മോനെ പറ്റിയത്... അമ്മ ചോദിച്ചു. ഏയ് ഒന്നുമില്ല എന്ന് അവൻ മറുപടി പറഞ്ഞു. അല്ല, നിനക്ക് എന്തോ ഒരു ക്ഷീണമുണ്ടല്ലോ, എന്തുപറ്റി അമ്മയോട് പറ. അറിയില്ലമ്മേ ഇന്നലെ എന്റെ ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി എനിക്ക് മിഠായിതന്നു. ഞാനാദ്യം വേണ്ട എന്ന് പറഞ്ഞെങ്കിലും എല്ലാവരും നിർബന്ധിച്ചപ്പോൾ ഞാനതു വാങ്ങികഴിച്ചു. നിനക്ക് മിഠായി തന്ന കുട്ടിയെ നീയറിയുമോ? അവനെ എനിക്കറിയാം. പക്ഷെ അവനേതോ ഏട്ടന്മാർ കൊടുത്തതാണെന്നാ അവൻ പറയുന്നത്. ഇതൊക്കെ കേട്ടപ്പോൾ അപ്പുവിന്റെ അമ്മയിൽ ചില സംശയങ്ങളുണ്ടാകുവാൻ തുടങ്ങി. മനസ്സാകെ സങ്കടമുണ്ടായിരുന്നു അവൾക്ക്. നിൻറെ പഠനത്തിലെ ശ്രദ്ധയൊക്കെ നഷ്ടമായോ എന്ന സംശയം എന്നെ അലട്ടിക്കൊണ്ടിരിക്കുകയാണ്. ക്ലാസിൽ കലയിലും പഠനത്തിലുമെല്ലാം ഒന്നാമനായ കുട്ടിയാണ് അപ്പു. എല്ലാവരോടും നല്ല സ്വഭാവം. അപ്പുവിന്റെ അച്ഛൻ വിദേശത്താണ്. അച്ഛനോട് സങ്കടങ്ങളൊന്നും അമ്മ പറയാറില്ല. ഇന്നത്തെ സമൂഹത്തെക്കുറിച്ചോർക്കുമ്പോൾ അപ്പുവിന്റെ അമ്മയ്ക്കാകെ അസ്വസ്ഥത അനുഭവപ്പെട്ടു. എന്നാൽ അവൾ പെട്ടെന്നുതന്നെ അപ്പുവറിയാതെ അവന്റെ ടീച്ചറെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. അധ്യാപകർ അതിനെക്കുറിച്ചന്വേഷിച്ചപ്പോൾ അത് എവിടെനിന്നാണ് കുട്ടികൾക്ക കിട്ടിയതെന്നു അധ്യാപകർ കണ്ടെത്തി. അടുത്ത ദിവസം സ്കൂളിൽ എത്തിയപ്പോൾ സ്റ്റാഫ്റൂമിലേക്ക് അപ്പുവിനെ വിളിക്കുകയും അവനറിയുന്ന കാര്യങ്ങൾ അവൻ പറയുകയും ഇതിന്റെ ഭാഗമായ കുട്ടിയെ വിളിപ്പിക്കുകയും ചെയ്തു. ആദ്യം പറയാൻ മടിച്ചെങ്കിലും അധ്യാപകൻ ചെറുതായൊന്നു പേടിപ്പിച്ചപ്പോൾ അവൻ വള്ളിപുള്ളിതെറ്റാതെ എല്ലാം പറഞ്ഞു. അധ്യാപകർ ആ കുട്ടി പറയുന്നത് എല്ലാം പറയുന്നത് കേട്ട് പകച്ചുനിന്നുപോയി. ഉടൻതന്നെ സ്കൂളിൽ ഒരു യോഗം വിളിച്ചുചേർക്കുകയും അധ്യാപകരും രക്ഷിതാക്കളുമൊന്നിച്ച് ഇതിനെ തടയാൻ പരമാവധി ശ്രമിക്കണമെന്നും പറഞ്ഞു. അതുപയോഗിച്ച കുട്ടികളെ തന്നെ അവരെങ്ങനെയിതിലേക്കെത്തി എന്ന് അന്വേഷിക്കാൻ ഏൽപ്പിച്ചു. കുറച്ചുദിവസം കഴിഞ്ഞ് അവർ ആൾക്കാരെ കണ്ടെത്തുകയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും മുന്നിലെത്തിക്കുകയും ചെയ്തു. തെറ്റ് ഏറ്റുപറഞ്ഞു ഇനി ഇത് ആവർത്തിക്കില്ലെന്നും പറഞ്ഞു. ഇതിനെ പൂർണ്ണമായി തടയാൻ നമ്മളൊന്നായി പരിശ്രമിക്കുമെന്ന് പറഞ്ഞ് അവർ അവിടെ നിന്നിറങ്ങി. ഇന്നവർ ആ വിദ്യാലയത്തിലെ മാതൃകാവിദ്യാർത്ഥികളാണ്. ലഹരിക്കെതിരെ

പോരാടാൻ ശ്രമിച്ചുകൊണ്ട് അവർ സ്കൂളിനെയും നാടിനെയും മാതൃകാവിദ്യാലയമാക്കിമാറ്റി. നാടിനും നാട്ടുകാർക്കും പ്രിയപ്പെട്ടവരായി അവർ മാറി.

-ആര്യനന്ദ.സി.വി



# കുരുവിൽ നിന്ന്

ഒരു കുരു മണ്ണിൽ
നട്ടു നനച്ചാൽ
മുളച്ചു പൊന്തും
ചെടിയാകും
കുരുന്നു ചെടിയെ
പരിപാലിച്ചാൽ
വളർന്നു വലിയൊരു
മരമാകും
തണൽ തരും സത്
ഫലം തരു മര
മനേക വര ഗുണം



–രശ്മി



# ആത്മാർത്ത സുഹൃത്തുക്കൾ

ഒരിക്കൽ രണ്ടു  കൂട്ടുകാർ മരുഭൂമിയിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ യാത്രയുടെ ഇടയിൽ ഒരു തർക്കത്തെ തുടർന്ന് ഒരു കൂട്ടുകാരൻ മറ്റൊരു കൂട്ടുകാരനെ തല്ലി. അടികൊണ്ട കൂട്ടുകാരന് ഒരുപാട് വേദനിച്ചു. പക്ഷെ അവൻ ഒന്നും പറഞ്ഞിട്ടില്ല. മറിച്ച് ആ മണലിൽ എഴുതി.ഇന്ന് എന്റെ പ്രിയ കൂട്ടുകാരൻ എന്റെ മുഖത്തടിച്ചു.



അങ്ങനെ അവർ വീണ്ടും യാത്ര തുടർന്നു. യാത്രയുടെ ഇടയിൽ അവർക്ക് ഒരു മരുപ്പച്ച കണ്ടെത്താൻ സാധിച്ചു. അങ്ങനെ അവർ രണ്ടാളും അതിൽ വെള്ളം കുടിക്കാൻ ഇറങ്ങിയപ്പോൾ ആദ്യത്തെ അടി കൊണ്ട കൂട്ടുകാരൻ ഒരു ചളി കുണ്ടിൽ അകപ്പെട്ട് മുങ്ങാൻതുടങ്ങി. പക്ഷെ,അവന്റെ പ്രിയ കൂട്ടുകാരൻ അവനെ രക്ഷിച്ചു. അവനെ അടിച്ചതും,അവന്റെ ജീവൻ രക്ഷിച്ചതുമായ ആ പ്രിയ കൂട്ടുകാരൻ അവനോട് ചോദിച്ചു : “ഞാൻ നിന്നെ വേദനിപ്പിച്ചപ്പോൾ നീ അത് മണലിൽ എഴുതി. എന്നാലിപ്പോൾ എന്തുകൊണ്ടാണ് നീ അത് കല്ലിൽ എഴുതിയത്.”

കൂട്ടുകാരൻ മറുപടി പറഞ്ഞു: ആരെങ്കിലും നമ്മളെ വേദനിപ്പിക്കുമ്പോൾ അത് നമ്മൾ മണലിൽ എഴുതി വെക്കണം. അവിടെയാകുമ്പോൾ ക്ഷമാശീലമുള്ള കാറ്റിന് അതിനെ മയിച്ച് കളയാൻ സാധിക്കും. പക്ഷെ ആരെങ്കിലും നമ്മുക്ക് നല്ലത് ചെയ്തുതന്നാൽ അത് നമ്മൾ കല്ലിൽ കൊത്തിവെക്കണം ഒരു കാറ്റിനും മായ്ക്കാൻ പറ്റാത്തതുപോലെ....

നമ്മുടെ ജീവിതത്തിൽ നമ്മൾ സ്നേഹിക്കുന്നവർക്കും നമ്മളെ സ്നേഹിക്കുന്നവർക്കുമാണ് വസ്തുക്കളെക്കാളും നമ്മുടെ അഭിമാനത്തിനേക്കാളും ഒക്കെ പ്രാധ്യാനം കൊടുക്കേണ്ടത്.

‘True friends are always together in spirit...’

–ഫിദ ഫാത്തിമ എം.പി–



# മഴ



ബാല്യത്തിൽ  ഞൻ മഴ  കണ്ടു
മഴയ്ക്ക് സൗഹൃദത്തിന്റയും  കുറുമ്പുകളുടെയും  മുഖം

കൗമാരത്തിൽ ഞൻ  മഴ കണ്ടു
മഴയ്ക്കു പ്രണയത്തിന്റ മുഖം

ഇന്ന് ഞൻ  മഴ കണ്ടു
മഴയ്ക്കു പ്രളയത്തിന്റ മുഖം....

എന്നാൽ ഞൻ ഇന്നു കണ്ട മഴയിൽ
പലരുടെയും  കണ്ണീരുണ്ടായിരുന്നു.

–ശിവാനി ശ്രീയേഷ്–

# മക്കളുടെ വേദന



ഒരിക്കൽ ഒരിടത്തു ഒരു  ഒരു അമ്മമയും  അഞ്ച് മക്കളും ഉണ്ടായിരിന്നു .ആ മകൾക്ക് അമ്മമ്മയെയും അത് പോലെ മക്കൾക്കു അമ്മമ്മയെയും വളരെ ഇഷ്ടമാണ് .അമ്മമമ്മ മക്കൾക്കു ഇപ്പോഴും വൈകുന്നേരം മരം ചുവട്ടിൽ ഇരുന്ന് മക്കൾക്കു കഥ പറഞ്ഞു കൊടുക്കുമായിരിന്നു  അവർക്കു അമ്മമ്മയുടെ  കഥ കേൾക്കാൻ വളരെ ഇഷ്ടമാണ് .ഒരു പാട്  ദിവസങ്ങൾക്കു ശേഷം ഒരു വൈകുന്നേരം ആയപ്പോൾ മക്കൾ എല്ലാവരും മരം ചുവട്ടിലിലേക്കു വന്ന് ഇരിന്നു .കുറേ നേരമായിട്ടും അമ്മമ്മ കഥ പറയാനായി വന്നില്ല .മക്കൾ എല്ലാവരും അമ്മമ്മയുടെ മുറിയിലേക്കു  പോയി . അവിടെ പോയപ്പോൾ അമ്മമ്മ കിടക്കയിൽ കിടക്കുയായിരിന്നു .ഒരു മകൻ അമ്മമ യോട് ചോദിച്ചു ; അമ്മമ്മ എന്താ കിടക്കുന്നത്  അപ്പോൾ അമ്മമ്മ പറഞ്ഞു മക്കളെ എനിക്ക് നെഞ്ചുവേദനയാണ് അതുകൊണ്ടാണ് കിടക്കുന്നത് .ഒരു മകൻ ചോദിച്ചു അമ്മമ്മേ ആശ്രുപത്രിയിൽ പോകണോ അമ്മമ്മ നെഞ്ച് വേദനയും സഹിച്ചു പോകണ്ട എന്ന് പറഞ്ഞു .മക്കൾ അമ്മമ്മ കിടന്നോ എന്ന് പറഞ്ഞു കിടക്കാൻ പോയി.പിറ്റേന്നു രാവിലെ  മക്കൾ അതിരാവിലെ എഴുന്നേറ്റു അമ്മമ്മ യുടെ അടുത്തേക് പോയി. മക്കൾ അമ്മമേ  ഉറക്കെ വിളിച്ചു  അമ്മമ്മ വിളിക്കേട്ടില്ല അമ്മമ്മ നമ്മളെ വിട്ടു പോയിരിക്കുന്നു .

Ananya Sunil Kumar



# ഓർമകളുടെ വിളി



അച്ഛനെ കുറെ നിർബന്ധിച്ച ,
"പഠിപ്പ് കഴിയട്ടച്ച"
സമ്മതിച്ചില്ല ഇഷ്ട മനസ്സോടെ
ഇണങ്ങിയവന്
മിന്നു കെട്ടാൻ കഴുത്തുനീട്ടി
ആദ്യ കാലത്തെ  നല്ല ദമ്പതികൾ
ജീവിത പരാബ്ധങ്ങൾ തുടങ്ങി
മനസ്സിന് സുഖം കിട്ടാൻ അയാൾ
വെള്ളമടിക്കാൻ തുടങ്ങി
ഒപ്പം ചവിട്ടും തൊഴിയും
സുഖം കിട്ടാനാണത്രെ ...
വന്നുവന്ന് വയറ്റിനിട്ടൊരു തൊഴി
അയാൾ ശബ്ദമുയർത്തിയില്ല
"ഹോസ്പിറ്റലിൽ "നിന്ന് വന്നപാടെ
ഒന്നുകൂടി തൊഴിക്കാൻ കാലുയർത്തി
ആദ്യമായി അവളുടെ ശബ്ദം
അവനു നേരെ ഉയർന്നു
പിന്നീട് ആ ശബ്ദം
അവളിൽ നിന്നുയർന്നില്ല
അടിയും തൊഴിയും കൊണ്ട് അവളുടെ
ജീവിതം ആ നാലുക്കോണിനുള്ളിൽ
അവൾ ജീവുത ചിന്തമാറ്റി
തന്റെ അഴിഞ്ഞു വീണ മുടി
വാശി തീർക്കാൻ എന്നപോലെ
ചുരുട്ടി കെട്ടിയൊതുക്കി
ഒരു സഞ്ചിയിൽ നാലഞ്ച്
കുപ്പായമെടുത്ത് അവൾ
പടിയിറങ്ങി....
തിരിഞ്ഞു നോക്കിയില്ല ഒറ്റനടത്തം
തന്റെ വീട്ടിലെക്ക്
ചെന്നതും അമ്മയുടെ വക
'അവൻ നിന്റെ ഭർത്താവാണ്
നീ അവിടെയാണ് നിൽക്കേണ്ടത്
അടിയോക്കെ സഹിക്കണം
പൊന്നു മോളെ നീ പോയെ തീരു...'
അച്ചനും തന്നു
"നിന്റെ ഇഷ്ടപ്രകാരം
നീ പോയ വീടാണത്
അവൾ കുപ്പായ സഞ്ചി കയ്യിലെടുത്തു
എങ്ങോട്ടെന്നില്ലാതെ ഇരുട്ടുംനേരം
തെരുവോരങ്ങളിലേക് നടന്നു
അപ്പോഴും ഒന്നേയുള്ളൂ
മനസ്സിന്റെ തടവറയിൽ
"മറന്നുവെച്ച ഓർമകൾ പലതുണ്ട് "
"മറന്നുവച്ചതല്ല
മറന്നുവപ്പിച്ചതാണ് "

–ദേവർഷ പ്രകാശൻ–

# മഴ

പുലരിയോളം കാത്തിരുന്നു
പുതുമഴയൊന്നു കിട്ടാൻ...
ഒടുവിലായി മാരിപെയ്തു
ഇടതടവില്ലാത്ത പേമാരിയായ്...



പുഴ കവിഞ്ഞു പുര നിറഞ്ഞു
മലയും പുഴയുമൊന്നായി...
ഇടയിലായുള്ളോരാ ജീവിതം
ശിഥില കിനാക്കളായി മാറി...

മുറ്റത്തുള്ളോരാ തേന്മാവ്
കടപോഴകി തൊടി കടന്ന്
അകലെയായ്... കടലിലായ്...
ഹൃദയങ്ങൾ കനിവു തേടുന്നു...

അകലെയായ് മഴമേഘപാളി
അടർന്നടർന്ന് ശമിക്കാതെ...
അരുതേയരുതേ പകയരുതേ
അഴലകറ്റി കനിവേകണേ...


-ശ്രീനിധി.കെ.വി

# അമൂല്യമായ ഗജനാവ്




ഒരു ഗ്രാമത്തിൽ വിക്രം എന്നു പേരുള്ള ഒരു ചെറുപ്പക്കാരൻ താമസിച്ചിരുന്നു. ഒരു ദിവസം അയാൾ ഒരു മരച്ചുവട്ടിൽ ഇരുന്ന് എങ്ങനെ   പെട്ടെന്ന് കാശുണ്ടാക്കി സുഖമായി ജീവിക്കാം എന്ന് ചിന്തിച്ചു.വിക്രം കുറേ സുഹൃത്തുക്കളോട് പെട്ടന്ന് എങ്ങനെപണം ഉണ്ടാക്കാം എന്ന് ചോദിച്ചു . എന്നാൽ അതിനുള്ള  എളുപ്പ വഴി പറഞ്ഞു കൊടുക്കാൻ ആർക്കും കഴിഞ്ഞില്ല. അടുത്ത ദിവസം രാവിലെ വിക്രം വയലിൻെ്റ വരമ്പിലൂടെ നടക്കുകയായിരുന്നു.വഴിയിൽ വെച്ച് അയാൾ ഒരു കർഷകനോട് എങ്ങനെ പെട്ടന്ന്പണം സമ്പാദിക്കാനുള്ള വഴി ചോദിച്ചു കർഷകൻ അവനോട് പറഞ്ഞു 'ഗ്രാമത്തിന്റെ മറുവശത്തു ഒരു മുനി താമസിക്കുന്നുണ്ട്
അദ്ദേഹത്തിന്റെ പേര് വിശ്വനാഥ് എന്നാണ് . ഒരു പക്ഷെ അദ്ദേഹത്തിന് നിന്റെ ചോദ്യത്തിനുള്ള ഉത്തരം പറയാൻ പറ്റും .വിക്രം വേഗം മുനിവീട്ടിലേക്ക് നടന്നു അവൻ വീടിന്റെ മുൻവശത്ത് എത്തിയപ്പോൾ വാതിൽ തുറന്നു കിടക്കുന്നതും അദ്ദേഹം മുറിയിലിരിക്കുന്നതും കണ്ടു .വിക്രം അദ്ദേഹത്തെ ഒന്ന് നമസ്കരിച്ചു അടുത്ത് ചെന്നിരുന്നു മുനി കണ്ണ് തുറന്നപ്പോൾ തന്നെ വിക്രം തന്റെ മനസിലുള്ള കാര്യം പറഞ്ഞു . 'ഞാൻ പാവപ്പെട്ടവനാണ് വേഗത്തിൽ പണം ഉണ്ടാക്കാനുള്ളവഴി പറഞ്ഞുതരുമോ ' എന്ന് വിക്രം ചോദിച്ചു അദ്ദേഹം പറഞ്ഞു . 'നിങ്ങൾ വസന്ത് നഗറിൽ പോകു ... അവിടെ ഒരാൾ ഇരുപതിനായിരം രൂപക്ക് ഒരു മനുഷ്യന്റെ കണ്ണുകൾ വാങ്ങുന്നുണ്ട് .
നിങ്ങൾ നിങ്ങളുടെ കണ്ണുകൾ അവിടെ പോയി വിൽക്കു ' . വിക്രം ആശ്ചര്യപ്പെട്ടു പോയ് . എന്റെ കണ്ണ് വിറ്റാൽ ഞാൻ എങ്ങനെ എല്ലാം കാണും എന്ന് വിക്രം ചോദിച്ചു അപ്പോൾ മുനി പറഞ്ഞു 'ശരി നീ പതിനയ്യായിരം രൂപയ്ക്ക് നിന്റെ രണ്ട് കാലുകൾ വിളക്കു '. അപ്പോൾ വിക്രം പറഞ്ഞു ''എന്റെ കാലുകൾ വിറ്റാൽ ഞാൻ ഏങ്ങനെ നടക്കും '' വിക്രം ഞെട്ടിപ്പോയി .മുനി വീണ്ടും പറഞ്ഞു
''ഇരുപത്തയ്യായിരരത്തിന് നിന്റെ രണ്ട് കയ്യും വിൽക്കു ''. അപ്പോൾ വിക്രം പറഞ്ഞു ''എന്റെ കൈ വിറ്റാൽ ഞാൻ എങ്ങനെ പണി എടുക്കും ? '' മുനി വീണ്ടും പറഞ്ഞു "നീ നിന്റെ ശരീരം മുഴുവൻ വിൽക്കു ..... ഒരു ലക്ഷം രൂപ ലഭിക്കും " വിശ്വനാഥ് പറയുന്നത് കേട്ട് വിക്രം ദേഷ്യത്തോടെ പറഞ്ഞു ഇല്ല ഇല്ല ഒരു കോടി കിട്ടിയാലും ഞാൻ ഇത് ചെയ്യുകയില്ലെന്നും പറഞ്ഞു .വിശ്വനാഥ് പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു "സഹോദരാ നിങ്ങളുടെ ശരീരം ഇത്ര വിലപ്പെട്ടതാണെങ്കിൽ നിങ്ങൾക്ക് എങ്ങനെയാണ് ദരിദ്രനാകാൻ കഴിയുക ഗോപു നിങ്ങളുടെ ശരീരം വിലമതിക്കാനാവാത്ത നിധിയാണ് അത് ഉപയോഗിക്കു .....അപ്പോഴാണ് വിക്രമിന്റെ കണ്ണ് ശരിയായി തുറന്നത്

–ശ്രീലക്ഷ്മി ഇ വി




# മണ്ണിൽ നിന്ന്

ഒരു കുരു മണ്ണിൽ
നട്ടു നനച്ചാൽ
മുളച്ചു പൊന്തും
ചെടിയാകും
കുരുന്നു ചെടിയെ
പരിപാലിച്ചാൽ
വളർന്നു വലിയൊരു
മരമാകും

തണൽ തരും സത്
ഫലം തരു മര
മനേക വര ഗുണം
സമ്പന്നം
വളർത്തീടേണം
നമ്മളുമതുപോൽ
വീടിനു,നാടിനു
മഭിമാനം

# മനോഹരമായ പഠന യാത്ര

2023-24അധ്യയന വർഷത്തിലെ യാത്ര കോടമഞ്ഞുകൾക്കിടയിലൂടെ ആയിരുന്നു .കൊടൈക്കനാൽ,തേനി ,കമ്പം,രാമൻമേട് തുടങ്ങിയ മനോഹരാങ്ങളായ സ്ഥലങ്ങൾ.പത്തു വർഷം ഒന്നിച്ചു പഠിച്ച കൂട്ടുകാരോടൊത്തുള്ള യാത്ര.



ഞങ്ങൾ എല്ലാവരും സ്കൂളിലേക്ക് 3മണിക്ക് എത്തിയിരുന്നു. എന്നാൽ യാത്ര വളരെ വൈകി ആയിരുന്നു തുടങ്ങിയത്. 2 ബസ്സുകളായി മറികയറിയാണ് ഞങ്ങൾ യാത്ര ആരംഭിച്ചിരുന്നത്. അങ്ങനെ പാട്ടും ഡാൻസും ചെയ്ത് ഞങ്ങൾ യാത്രക്ക് തുടക്കമിട്ടു .വളരെ ദീർഘമേറിയ ദൂരം ആയിരുന്നു. അന്ന് രാത്രി ഞങ്ങൾ വീട്ടിൽ നിന്നും കൊണ്ടുപോയ ഭക്ഷണം ആണ് കഴിച്ചത്. ആങ്ങോട്ടുള്ള യാത്ര വളരെ തണുപ്പേറിയതായിരുന്നു. ഞങ്ങൾ പിറ്റേന്ന് രാവിലെ 8 മണിക്ക് മുമ്പേ തന്നെ കൊടൈക്കനാൽ എത്തി. അവിടെ ഹോട്ടലിൽ റൂം എടുത്ത് ഞങ്ങൾ ഫ്രഷ് ആയി. പ്രഭാതഭക്ഷണവും അവിടെ നിന്ന് കഴിച്ചു. പൈൻ ഫോറസ്റ്റ്, ഗുണ ഗുഹ,വ്യൂപോയന്റ് എന്നീ സ്ഥലങ്ങളിലേക്ക് ആണ് ഒന്നാം ദിവസം പോയത്. വളരെ മനോഹരമായ സ്ഥലങ്ങൾ ആയിരുന്നു. ഉച്ചയ്ക്ക് ഭക്ഷണംകഴിച്ച ശേഷം ഞങ്ങൾക്ക് വിശ്രമിക്കാൻ സമയം തന്നു. ഞങ്ങൾ റൂം ഇത് കുറച്ചുനേരം വിശ്രമിച്ചു. ശേഷം ഹോട്ടലിൽ നിന്ന് കാൽനട ദൂരം മാത്രമായിരുന്ന തടാകത്തിലേക്ക് പോയി. അത് ഒരു വലിയ മനോഹരമായ തടാകം തന്നെ ആയിരുന്നു. അവിടെ തടാകത്തിന് ചുറ്റും സൈക്കളിങ്ങും കുതിരസവാരിയും ഒക്കെ ചെയ്യുന്നുണ്ടായിരുന്നു. ഞങ്ങളെ ബോട്ടിങ്ങിനാണ് കൊണ്ടുപോയത്. ശേഷം ഷോപ്പിംഗിന് സമയം തന്നു. ഞങ്ങൾ എല്ലാവരും ആവശ്യമായ സാധങ്ങൾ വാങ്ങി. റൂമിലേക്ക് പുറപ്പെട്ടു. പിന്നീട് റൂം ൽ നിന്ന് ഞങ്ങൾ എല്ലാവരും കളിയും ചിരിയും ഒക്കെ ആയിരുന്നു. രാത്രി ഭക്ഷണം കഴിച്ച ശേഷം തന്നെ കിടക്കാൻ പറഞ്ഞിരുന്നു. ഞങ്ങൾക്ക് ഉറക്കം വന്നില്ല. അതിനാൽ ഞങ്ങൾ റൂമിൽ നിന്ന് കളിക്കുകയും വർത്തമാനം പറയുകയും ഒക്കെ ആണ് ചെയ്തിരുന്നത്. 2-ാം ദിവസം രാവിലെ 5:30 ന് തന്നെ ഞാൻ എഴുന്നേറ്റു. പിന്നീട് ഞങ്ങൾ എല്ലാവരും അടുത്ത സ്ഥലത്തേക്ക് പോകാൻ ഒരുങ്ങി. ഭക്ഷണം കഴിച്ച ശേഷം ഞങ്ങൾ യാത്ര ആരംഭിച്ചു. ആദ്യം ഞങ്ങൾ പോയത് മുന്തിരിത്തോട്ടത്തിലേക്ക് ആയിരുന്നു. വളരെ ദൂരമേറിയ യാത്രകൾ ആയിരുന്നു പിന്നെ ആങ്ങോട്ട് ഉണ്ടായിരുന്നത്. ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ചിരുന്നത് പുളിമരങ്ങളുടെ തണലിൽ ഇരുന്ന് ആയിരുന്നു. അവിടെനിന്ന് പുളിയും കഴിച്ചു. പിന്നീട് ഞങ്ങൾ രാമക്കൽമേടിലേക്ക് യാത്ര ആരംഭിച്ചു. ആദ്യം പോയത് കുറവൻ കുറത്തി മലയിലേക്ക് ആയിരുന്നു. അവിടെയും മനോഹരമായ കാഴ്ച തന്നെ ആയിരുന്നു. അവിടെ നിന്നുള്ള യാത്ര പിന്നീട് ജീപ്പിൽ ആയിരുന്നു. ഒരു വേറിട്ട അനുഭവം തന്നെ ആയിരുന്നു അത്. ഞങ്ങൾ ഓരോ കുന്നുകളിലേക്കും പാറകളിലേക്കും ജീപ്പിലാണ് പോയത്. അവിടെ പോയതിൽ വച്ച് എനിക്ക് ഏറ്റവും ഇഷ്ട്ടപ്പെട്ടത് ആമപ്പാറ തന്നെ ആയിരുന്നു. പാറകൾക്കിടയിലുള്ള വിടവിലൂടെ കിടന്നും ഇരുന്നുമുള്ള സഞ്ചാരം വളരെ നല്ല അനുഭവമായിരുന്നു. അവിടെ നിന്ന് ഞങ്ങൾ സൂയിസൈഡ് പോയന്റിലേക്ക് പോയി. വളരെ ഭീകരത നിറഞ്ഞ സ്ഥലം ആയിരുന്നു. അവിടെ നിന്ന് കാണുന്ന കാഴ്ചകളെക്കുറിച്ച് ഒരാൾ വിവരിച്ചുതരുന്നുണ്ടായിരുന്നു. പിന്നീട് ഞങ്ങൾ അവിടെ നിന്ന് യാത്ര തിരിച്ചു. കുറച്ചു സമയം ഷോപ്പിംഗിന് തന്നിരുന്നു. അതുകഴിഞ്ഞശേഷം ക്യാമ്പ് ഫയർ ആയിരുന്നു. എല്ലാവരും വളരെ നന്നായി ആസ്വദിച്ചു. ആരും വെറുതെ ഇരിക്കുന്നുണ്ടായിരുന്നില്ല. പിന്നീട് ഞങ്ങൾ ഭക്ഷണം കഴിച്ചു. അതോടെ ഞങ്ങളുടെ യാത്ര ഏകദേശ അവസാനത്തിലേക്ക് എത്തിയിരുന്നു. എല്ലാവരും ടൂറിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ബസ്സിൽ നിന്ന് പറഞ്ഞു.

എനിക്ക് ഏറെ ഇഷ്ട്ടപെട്ട യാത്ര തന്നെ ആയിരുന്നു ഇത്. കൂട്ടുകാരോടൊത്തുള്ള ആ രണ്ടു ദിവസം എനിക്ക് മറക്കാൻ പറ്റാത്ത ദിവസങ്ങൾ ആയിരുന്നു. ഞങ്ങളുടെ ഒപ്പം തന്നെ എല്ലാ കാര്യങ്ങളിലും സപ്പോർട്ട് ആയി എല്ലാ അദ്ധ്യാപകരും ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ ഈ യാത്ര വിജയകരമായി അവസാനിച്ചു. മറക്കാൻ പറ്റാത്ത എന്നും ഓർമ്മയിൽ നിൽക്കുന്ന ആ രണ്ട് ദിവസങ്ങൾ എനിക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു.

# നിഴൽ

അത് മഹത്തായ വേനൽക്കാല ദിനമായിരുന്നു, ഞാൻ ലാർക്കിനൊപ്പം ഉണർന്നു
എന്റെ വീൽചെയർ തയ്യാറാക്കി പാർക്കിലേക്ക് പോയി
തടാകക്കരയിൽ നായയുമായി ഒരു പെൺകുട്ടി ജോഗിംഗ് ചെയ്യുന്നത് ഞാൻ ശ്രദ്ധിച്ചു
അവർ എന്നെ സമീപിച്ചപ്പോൾ ഒരു തണുപ്പ് അനുഭവപ്പെട്ടു, ഞാൻ ഇരട്ട ടേക്ക് ചെയ്തു.

നായയുടെ വാൽ ആട്ടിക്കൊണ്ടിരുന്നു, അവൻ എന്റെ അടുത്തേക്ക് ഓടി
അത് എന്റെ മനസ്സിനെ 65-ലേക്ക് തിരികെ കൊണ്ടുപോയി, ഇപ്പോൾ എന്തൊരു വേദനാജനകമായ ഓർമ്മയാണ്
എന്റെ കാലുകളുടെ ഉപയോഗം നഷ്ടപ്പെട്ട് ഒരു വീൽചെയറിൽ അവസാനിച്ചപ്പോഴായിരുന്നു അത്
പക്ഷേ, അവിടെ നിന്ന് ഇറങ്ങിയതിനാൽ ഞാൻ എന്നെത്തന്നെ ഭാഗ്യവാനാണെന്ന് കരുതുന്നു.

ദക്ഷിണ വിയറ്റ്നാമിലെ 58-ാമത്തെ കാലാൾപ്പടയോടൊപ്പമായിരുന്നു ഞാൻ
Tau 'na Cam ക്യാമ്പിൽ ഒരു ഡോഗ് സ്കൗട്ട് യൂണിറ്റിനൊപ്പം
ഷാഡോ എന്ന നായയുടെ കൂടെ മൂന്നു മാസം പരിശീലനം നടത്തി
ഞാൻ പോകുന്നിടത്തെല്ലാം എന്നെ പിന്തുടരുന്ന ഒരു ജർമ്മൻ ഇടയൻ.

എന്റെ പോസ്റ്റിംഗ് വന്നു, എന്നെ അയച്ചുകൊണ്ടിരുന്നു
കസ്റ്ററിന്റെ പഴയ റെജിമെന്റായ ഏഴാമത്തെ എയർ കാവൽറിയിൽ ചേരാൻ
പത്ത് ഹ്യൂയികൾ തയ്യാറായി പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു
എനിക്കറിയാത്ത സ്ഥലത്തേക്ക് തിരഞ്ഞു നശിപ്പിക്കാനുള്ള ദൗത്യത്തിൽ.
ഞാൻ ടെന്നസിയിൽ നിന്നുള്ള ചില ആൺകുട്ടികളുമായി ബേസ്ബോൾ കളിച്ചു
ഷാഡോ ഓടിച്ചെന്ന് പന്ത് എടുത്ത് എന്റെ അടുത്തേക്ക് കൊണ്ടുവരും
പിന്നെ പബ്ലിക് അഡ്രസ് സിസ്റ്റത്തിൽ ഞങ്ങൾ 'ഗാരി ഓവൻ' പ്ലേ കേട്ടു
ദൗത്യം ഉടൻ നടക്കുമെന്നതിന്റെ സൂചനയായിരുന്നു അത്.

പടയാളികൾ അങ്ങോട്ടും ഇങ്ങോട്ടും പാഞ്ഞുകൊണ്ടിരുന്നു; പോകാൻ ഒരുങ്ങുന്നു
ഞാനും റെഡിയായി, എന്നിട്ട് ഷാഡോയിൽ ഒരു ഹാർനെസ് ഇട്ടു
ഹ്യൂയിസ് ബ്ലേഡുകൾ കറങ്ങിക്കൊണ്ടിരുന്നു, ഞങ്ങൾ എല്ലാവരും കപ്പലിൽ കയറി
അപ്പോൾ പത്ത് ഹ്യൂയികൾ മനോഹരമായി ഉയർന്നു, പക്ഷികളെപ്പോലെ ഞങ്ങൾ ഉയർന്നു.

ഞങ്ങൾ മരങ്ങൾ വെട്ടിമാറ്റി കാടിലൂടെ വടക്കോട്ട് പോകുകയായിരുന്നു
നിഴൽ അവന്റെ തല പുറത്തേക്ക് ചായ്ച്ചു, അവൻ കാറ്റ് ആസ്വദിക്കുകയായിരുന്നു
ഞങ്ങൾ ഒരു ക്ലിയറിങ്ങിൽ ഇറങ്ങി, എല്ലാവരും പെട്ടെന്ന് പുറത്തേക്ക് ചാടി
'ചാർലി'യെ കുറിച്ചുള്ളതാണെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നതിനാൽ മറവിനായി ഓടുന്നു.

ഹ്യൂയികൾ ചുറ്റിക്കറങ്ങിയില്ല, താമസിയാതെ ഉയരത്തിൽ പറന്നു
അധികം താമസിയാതെ ആ പ്രകാശമാനമായ ആകാശത്ത് വിദൂരതയിൽ പുള്ളികളുണ്ടായി
കരുതലോടെ മുന്നോട്ടുപോകാൻ ക്യാപ്റ്റൻ സൂചന നൽകി
ശത്രുവിനെ അന്വേഷിക്കാൻ ഞാനും നിഴലും മുന്നിലുണ്ടായിരുന്നു.

ഞങ്ങൾക്ക് അജ്ഞാതമായ ബുദ്ധി, പൂർണ്ണമായും തെറ്റായിരുന്നു
മുന്നിൽ രണ്ട് വടക്കൻ വിയറ്റ്നാമീസ് റെജിമെന്റുകളും വിയറ്റ് കോംഗും ഉണ്ടായിരുന്നു
നിഴൽ അവന്റെ ചെവികൾ കൂർപ്പിച്ച് അലറാൻ തുടങ്ങി
ശത്രുക്കൾ വെടിയുതിർക്കാൻ തുടങ്ങിയതോടെ എല്ലാ നരകങ്ങളും തകർന്നു.
ഞങ്ങൾ കവർ എടുത്തു തീ തിരിച്ചു പക്ഷേ 'ചാർലി' ചുറ്റും ഉണ്ടായിരുന്നു
സാധ്യതകൾ ഞങ്ങൾക്കെതിരെ വൻതോതിൽ അടുക്കിയതിനാൽ ഞങ്ങൾ ഉയർന്ന സ്ഥലത്തേക്ക് പോയി
ഇന്റലിജൻസ് വളരെ തെറ്റായിപ്പോയതിൽ ക്യാപ്റ്റൻ ദേഷ്യപ്പെട്ടു
ഞങ്ങൾക്ക് ഒരു അവസരവും നിൽക്കുമായിരുന്നില്ല, അധികനേരം പിടിച്ചുനിൽക്കാൻ കഴിയുമായിരുന്നില്ല.

അവൻ സഹായത്തിനായി റേഡിയോ മുഴക്കി പറഞ്ഞു " തകർന്ന അമ്പ്,
ഞങ്ങൾക്ക് ഇപ്പോൾ എയർ സപ്പോർട്ട് വേണം അല്ലെങ്കിൽ നാളെ കാണില്ല"
അവ ശരിയാണെന്ന് സ്ഥിരീകരിക്കുന്ന കോർഡിനേറ്റുകൾക്ക് അദ്ദേഹം നിയന്ത്രണം നൽകി
തുടർന്ന് വടക്കൻ വിയറ്റ്നാമീസ് ശക്തിക്കെതിരെ വെടിവയ്പ്പ് നടത്തി.

ഞങ്ങൾ നാശനഷ്ടങ്ങൾ വരുത്തി, പക്ഷേ ഞങ്ങളുടെ നിലത്തുപിടിച്ച് അവരെ അകറ്റിനിർത്തി
അപ്പോൾ റേഡിയോയിലൂടെ ഒരു സന്ദേശം വന്നു, "പറവകൾ അവരുടെ വഴിയിൽ"
ഞങ്ങൾ ക്ലിയറിങ്ങിനായി ഒരു തിടുക്കത്തിൽ പിൻവാങ്ങി
അപ്പോൾ ഞാൻ ഒരു ഖനിയിൽ ചവിട്ടി, എന്റെ കാലിൽ നിന്ന് പറന്നുപോയി.

എനിക്ക് ബോധമുണ്ടായിരുന്നു, പക്ഷേ എന്റെ കാലുകൾ അനുഭവിക്കാൻ കഴിഞ്ഞില്ല, അപ്പോൾ ഒരു ഏകാന്ത

'ചാർലി' കണ്ടു
റൈഫിൾ ഉയർത്തിപ്പിടിച്ച് അവൻ എന്നെ
അവസാനിപ്പിക്കാൻ ഒരുങ്ങുകയായിരുന്നു
അപ്പോൾ എവിടെ നിന്നോ ഞാൻ ആക്രമണത്തിന് പോയ
ഷാഡോയെ കണ്ടു
'ചാർലി' കനത്ത രക്തസ്രാവത്തിൽ വീണു, അപ്പോൾ ഞാൻ
ഒരു വലിയ വിള്ളൽ കേട്ടു.

നിഴൽ ഉറക്കെ വിറച്ചു, അവൻ മരിച്ചുവെന്ന് ഞാൻ അറിഞ്ഞു
ഒരു സ്നൈപ്പർ അവനെ തലയിലേക്ക് വെടിയുതിർത്തു
അപ്പോൾ എനിക്ക് മുകളിൽ ആകാശത്ത്, ഒരു
സർവ്വശക്തനായ ഗർജ്ജനം ഞാൻ കേട്ടു
അഞ്ച് B47 വിമാനങ്ങൾ അവരുടെ പേലോഡുകൾ
ഉപേക്ഷിക്കുകയും 'ചാർലി' ഇല്ലാതാകുകയും ചെയ്തു.



വേദന സഹിച്ച് ഞാൻ ആശുപത്രി കിടക്കയിൽ ഉണർന്നു
അപ്പോൾ എനിക്ക് ഫ്ലാഷ്ബാക്ക് ഉണ്ടായിരുന്നു, ഷാഡോ
മരിച്ചുവെന്ന് എനിക്ക് മനസ്സിലായി
സൈന്യം എന്നെ വൈദ്യശാസ്ത്രപരമായി ഡിസ്ചാർജ്
ചെയ്തു, എനിക്ക് ഇനി നടക്കാൻ കഴിഞ്ഞില്ല
എന്റെ അനുഭവത്തിൽ ഞാൻ മാനസികമായി തകർന്നു,
മാസങ്ങളോളം സംസാരിക്കാൻ കഴിഞ്ഞില്ല.
ആ പെൺകുട്ടി പറഞ്ഞതുപോലെ എന്റെ മനസ്സ്
വർത്തമാനകാലത്തിലേക്ക് തിരിച്ചുവന്നു
"രാജകുമാരന് നിന്നെ ശരിക്കും ഇഷ്ടമാണ്", ഞാൻ
അവന്റെ തലയിൽ തലോടിക്കൊണ്ടിരുന്നു
ഷാഡോ എന്നെ പരിശോധിക്കാൻ തിരികെ വന്നതുപോലെ
തോന്നി
പിന്നെ വർഷങ്ങൾക്ക് ശേഷം ആദ്യമായി ഞാൻ
സന്തോഷത്തോടെ വീട്ടിലേക്ക് പോയി.